**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6188** **17-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. ജീവനക്കാരുടെ പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിൽ 2013 ലെ ത്രികക്ഷി കരാർ പ്രകാരം പെൻഷൻ സുരക്ഷ ഉറപ്പാക്കാൻ സർക്കാർ നൽകേണ്ട വിഹിതം എത്രയാണ്; അറിയിക്കുമോ; | (എ) | കെ.എസ്.ഇ.ബി എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിൽ 2014-ലെ ത്രികക്ഷി കരാർ പ്രകാരം 2013-ലെ പെൻഷൻ ബാദ്ധ്യതയായി കണക്കാക്കിയ തുകയുള്ള 12419 കോടി രൂപയിൽ 10 വർഷക്കാലയളവിലേക്കുള്ള 3751 കോടി രൂപാ മുഖവിലയുള്ള ബോണ്ട് സർക്കാർ വിഹിതമാണ്. പ്രസ്തുത തുക മാസ്റ്റർ ട്രസ്റ്റിന് പലിശ ഉൾപ്പെടെ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ ആകെ 5861 കോടി രൂപ 10 വർഷമായി വകയിരുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് വിഹിതമായി 524 കോടി രൂപ 10 ഗഡുക്കളായി സർക്കാർ നൽകുന്നതാണ്. കമ്പനിയായി മാറിയതിനു ശേഷം പെൻഷൻ ബാധ്യതയിൽ വന്ന വർദ്ധനവിന്റെ വിഹിതം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.<br><br>കൂടാതെ 2022-ലെ വാല്യൂവേഷൻ പ്രകാരം അധികമായി കണ്ടെത്തേണ്ട തുകയായ 17238 കോടി രൂപയുടെ ബോണ്ട് മാസ്റ്റർ ട്രസ്റ്റിന് നൽകുവാനുള്ള അനുമതിക്കായും ഇതിൽ സർക്കാർ വിഹിതമായ 35.4% ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ തട്ടിക്കിഴിക്കുവാനുള്ള അനുമതിക്കായും സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | സർക്കാർ വിഹിതമായി ഇതുവരെ എത്ര തുക നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | സർക്കാർ വിഹിതമായി ഇതുവരെ കെ.എസ്.ഇ.ബി ലിമിറ്റഡിന് ബോണ്ടിന്റെ വിഹിതമായ 8 ഗഡുക്കളിൽ ആകെ 4688.80 (586.10x8) കോടി രൂപ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് വിഹിതമായി 524 കോടി രൂപയും നൽകിയിട്ടുണ്ട്. |
| (സി) | മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിൽ | (സി) | മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിൽ |

| | | | |
|---|---|---|---|
| | പെൻഷൻകാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | | പെൻഷൻകാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | 2013-ലെ പ്രസ്തുത കരാർ പ്രകാരം പെൻഷൻ സുരക്ഷ ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | കെ.എസ്.ഇ.ബി എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിൽ 2014-ലെ ത്രികക്ഷി കരാർ പ്രകാരം 2013-ലെ പെൻഷൻ ബാദ്ധ്യതയായി കണക്കാക്കിയ തുകയുള്ള 12419 കോടി രൂപയിൽ 10 വർഷക്കാലയളവിലേക്കുള്ള 3751 കോടി രൂപാ മുഖവിലയുള്ള ബോണ്ട് സർക്കാർ വിഹിതമാണ്. പ്രസ്തുത തുക മാസ്റ്റർ ട്രസ്റ്റിന് പലിശ ഉൾപ്പെടെ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ ആകെ 5861 കോടി രൂപ 10 വർഷമായി വകയിരുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് വിഹിതമായി 524 കോടി രൂപ 10 ഗഡുക്കളായി സർക്കാർ നൽകുന്നതാണ്. കമ്പനിയായി മാറിയതിനു ശേഷം പെൻഷൻ ബാധ്യതയിൽ വന്ന വർദ്ധനവിന്റെ വിഹിതം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.<br><br>കൂടാതെ 2022-ലെ വാല്യൂവേഷൻ പ്രകാരം അധികമായി കണ്ടെത്തേണ്ട തുകയായ 17238 കോടി രൂപയുടെ ബോണ്ട് മാസ്റ്റർ ട്രസ്റ്റിന് നൽകുവാനുള്ള അനുമതിക്കായും ഇതിൽ സർക്കാർ വിഹിതമായ 35.4% ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ തട്ടിക്കിഴിക്കുവാനുള്ള അനുമതിക്കായും സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഇ) | മെഡിസെപ് പദ്ധതിയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ പെൻഷൻകാരെ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; | (ഇ) | കെ.എസ്.ഇ.ബി ലിമിറ്റഡ് ജീവനക്കാർ പെൻഷൻകാർ എന്നിവരെ മെഡിസെപ് സ്കീമിൽ ഉൾപെടുത്തുന്ന വിഷയം നിലവിലെ വ്യവസ്ഥ പ്രകാരം പരിഗണിക്കാൻ നിർവാഹമില്ല. ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (എഫ്) | മെഡിസെപ് മാതൃകയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ? | (എഫ്) | ഉണ്ട്. അതുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ടുന്ന സേവനങ്ങൾ, ഉപാധികൾ, നിബന്ധനകൾ, വ്യവസ്ഥകൾ തുടങ്ങിയവ വിശകലനം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ